● വികസന 'നാടകം'

# വികസനത്തിന്റെ നാനാർത്ഥങ്ങൾ

കെ. രാജൻ

"രാഷ്ട്രപതിയുടെ വികസന അജണ്ട-കേരളമെങ്ങോട്ട്?" കഴിഞ്ഞ ലക്കം കേരളീയത്തിൽ 'കേരള വികസനം' ചർച്ചയ്ക്കുള്ള നിരീക്ഷണം അവതരിപ്പിച്ചിരുന്നു. ചർച്ചയിലേക്ക് താങ്കളേയും പ്രതീക്ഷിക്കുന്നു. പ്രതികരണങ്ങളറിയിക്കുമല്ലോ - *പത്രാധിപർ*

***ഒന്നാമൻ:*** നമ്മൾ വികസനത്തിന്റെ അടിയന്തരാവസ്ഥയിലാണ്. രാഷ്ട്രപതിയുടെ പത്തിന വികസന പരിപാടിയുടെ മന്ത്രം കേട്ടില്ലേ? വികസന യജ്ഞം മുടക്കുന്ന അസുരന്മാരെ നേരിടണം ('അന്യൻ' സിനിമയിലെ നായകൻ കൊന്നൊടുക്കുന്നത് പലതരം വികസനം മുടക്കികളെയാണ്, നമ്മുടേത് വികസന ദേശീയതയാണ്. 'വികസന പുരുഷൻ' ആണ് പുത്തൻ വിരാട് പുരുഷൻ. ഐ.ടി., ബയോടെക്നോളജി, ടൂറിസം... പുതിയ വികസന സ്വർഗ്ഗത്തിലേക്ക് എത്ര വഴികൾ! പാപികളേ, സ്വർഗ്ഗരാജ്യത്തിനവകാശികളാകുവിൻ. വികസന വിസ്ഫോടനത്തിന് ഒരുങ്ങുവിൻ.

***രണ്ടാമൻ:*** എന്താണ് വികസനം? എന്താണതിന്റെ രാഷ്ട്രീയചരിത്രം. 15-ാം നൂറ്റാണ്ടോടെ യൂറോപ്പിലുണ്ടായ 'ആധുനികവത്ക്കരണവും വ്യവസായ വിപ്ലവവും ശാസ്ത്ര സാങ്കേതികവിദ്യാ വിപ്ലവവും പുതിയ സ്ഥലകാല മനുഷ്യ സങ്കല്പങ്ങളെ സൃഷ്ടിച്ചു. പുരോഗതി, പ്രബുദ്ധത, ശാസ്ത്രീയത, മതേതരത്വം, പ്രാതിനിധ്യ ജനാധിപത്യം, ദേശരാഷ്ട്രം, യുക്തിപരത എന്നിവ ഈ പാക്കേജ് പദ്ധതിയുടെ ഭാഗമായി ഉരുത്തിരിഞ്ഞ, പരികല്പനകളും സ്ഥാപനങ്ങളും പ്രകിയകളുമാണ്.

കോപ്പർനിക്കസിന്റെ പ്രപഞ്ച വിജ്ഞാനീയം, ന്യൂട്ടന്റെ ഭൗതികശാസ്ത്ര കണ്ടെത്തലുകൾ, ഹെഗലിന്റെ ചരിത്ര ദർശനം, ഫ്രാൻസിസ് ബേക്കണിന്റെ ശാസ്ത്രദർശനം, കാന്റിന്റെ പ്രബുദ്ധതാസങ്കല്പം, 'അധ്വാനം ആരാധനയാണ്, എല്ലുമുറിയെ പണിത് മുണ്ടുമുറുക്കി സമ്പാദിക്കുക' എന്ന പ്രൊട്ടസ്റ്റന്റ് മതത്തിന്റെ ധാർമ്മികത, ഡാർവിന്റെ പരിണാമസങ്കല്പം, റിക്കാർഡോവിന്റെ സമ്പദ് ദർശനം, കാൾമാർക്സിന്റെ ഉല്പാദകശക്തി സിദ്ധാന്തം എന്നിവ ഈ ചിന്താ വ്യവസ്ഥാമാറ്റത്തെ (Pavadigm shifa) കുറിക്കുന്നു.

ഇതോടെ ചന്ത ക്ഷേത്രവും പണം ദൈവവും ലാഭം മോക്ഷവും ക്രിയവിക്രിയം അനുഷ്ഠാനവുമായി, സമയം പണമായി, യന്ത്രം വിഗ്രഹമായി, ശാസ്ത്രം പുത്തൻ വേദമായി. അപഗ്രഥനം ഉദ്ഗ്രഥനത്തെക്കാളും അളവ് ഗുണത്തെക്കാളും മത്സരം സഹകരണത്തെക്കാളും മുഖ്യമായി. റെയിൽവേ, കപ്പൽചാലുകൾ, വൈദ്യുതിക്കമ്പികൾ, ടെലഗ്രാഫ് (ഇപ്പോൾ ഇന്റർനെറ്റ്) എന്നിവയുടെ ഞരമ്പുകളും വ്യവസായശാലകളുടെ കഠിനഹൃദയവും അണക്കെട്ടുകളുടെയും അണുനിലയങ്ങളുടെയും കോൺക്രീറ്റ് കാടുകളുടെയും മാംസപേശികളും ഉള്ള യൂറോപ്യൻ നഗര വിരാട് പുരുഷൻ അപരരെ (ഏഷ്യക്കാർ, ആഫ്രിക്കക്കാർ, ഗ്രാമീണർ, ആദിവാസികൾ, സ്ത്രീകൾ, പ്രകൃതി പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തി. സാംസ്കാരിക സ്മൃതികളുടേയും അനുഭവങ്ങളുടേയും ഭാവിഭാവനയുടേയും മൂന്നു ലോകങ്ങളെ അളന്നെടുത്തു. ശൈഥില്യവും അക്രമവും യുദ്ധവും അതിന്റെ വസ്തുസങ്കല്പത്തിൽ പരസ്പരം ഏറ്റുമുട്ടുന്ന ആറ്റങ്ങളായി ശരീരസങ്കല്പത്തിൽ എങ്ങിനേയും പാർട്ട്സ് അഴിച്ചെടുക്കാവുന്ന യന്ത്രമായി, ഫ്രോയിഡിന്റെ മന:സങ്കല്പത്തിൽ പരസ്പര ശത്രുക്കളായ ബോധവും ഉപബോധവും അബോധവുമായി.

വിശ്വാസം യുക്തിയായും ഗോത്രസ്ഥലങ്ങളും ഗ്രാമങ്ങളും നഗരങ്ങളായും അപരൻ യൂറോപ്യൻ സംസ്കാരക്കാരായും മാറുന്നതായിരുന്നു ആധുനികതയുടെ പുരോഗതി സങ്കല്പം. വിവിധ കാലബോധങ്ങളും വംശാവലി ചരിത്രങ്ങളും 'ചരിത്ര'മാകുന്നതും.

1960-കളോടെ യൂറോപ്പിന്റെ സിവിലൈസിംഗ് മിഷനിൽ 'വികസനം' പ്രധാനപ്പെട്ട സാംസ്കാരികാധിപത്യ യന്ത്രമായി. ഹരിത/ ധവള/ നീലവിപ്ലവം ഇതിന്റെ ഭാഗമാണ്. വികസനം

വി.എസ്. ഗിരീശൻ



എന്നാൽ ഉപഭോഗത്തിന്റെയും, ചരക്കു പൂജയുടെയും, ആധുനിക ശാസ്ത്ര - സാങ്കേതികവിദ്യയുടെയും, വിഷമ ജഡങ്ങളുടെയും തീട്ടവികസന സംസ്കാരത്തിന്റെ ഇറക്കുമതിയായി. വികസിതം, വികസ്വരം, അവികസിതം എന്നീ സ്വർക്ഷ, ഭൂമി, നരക വിഭജനമുണ്ടായി. ഒന്നുകിൽ വികസനം അല്ലെങ്കിൽ നരകം എന്നായി പുത്തൻ മുദ്രാവാക്യം.

*മൂന്നാമൻ:* വികസനത്തോട് നമ്മൾ വർഗ്ഗപരമായ സമീപനം കൈക്കൊള്ളണം. തൊഴിലാളി വർഗ്ഗത്തിനും വേണ്ടേ സ്കോച്ച് വിസ്കിയും ഹൈടെക് ആശുപത്രികളും അണുബോംബും സൂപ്പർ മാർക്കറ്റുകളും? കേന്ദ്രീകൃതാസൂത്രണത്തോടെയുള്ള വികസന പ്രക്രിയ തുടങ്ങിവെച്ചതാരാ? സോവിയറ്റ് യൂണിയനെ വികസിപ്പിക്കാൻ 20 ലക്ഷത്തിലധികം പേരെ കൊന്ന് രാഷ്ട്രത്തെ ശക്തിപ്പെടുത്തിയതാരാ...? സ്റ്റാലിൻ, സ്റ്റാലിൻ, സ്റ്റാലിൻ ഒരു ശകാരപദമല്ല. ഇന്ന് സോവിയറ്റ് യൂണിയൻ ഉണ്ടാ...യിരുന്നെ....ങ്കിൽ.......

II

*ഒന്നാമൻ:* വികസനത്തിന്റെ കാര്യത്തിലെന്ത് യൂറോപ്പും ഇന്ത്യയും അതൊരു ഹ്യൂമനിസ്റ്റ് സങ്കല്പമല്ലേ? സോദരരേ, രാഷ്ട്രീയാതീതമായി നമുക്ക് കൈകോർത്ത് പിടിക്കാം.

*രണ്ടാമൻ:* വികസനം, മാത്രമല്ല; ഉല്പാദനവാദം, മൂല്യം, സാമ്പത്തിക പ്രക്രിയ എന്നിവ ആധുനികവത്കരണത്തോടെയാണ് ലോകവ്യാപകമായത്. ആധുനികവത്കരണം കോളനിവത്കരണമാണ്. ലോക്കും ആദംസ്മിത്തും കാൾമാർക്സും അടക്കമുള്ളവരുടെ സാമ്പത്തികദർശനങ്ങൾ ന്യൂട്ടന്റെ തെർമോ ഡയനാമിക്സിന്റെ സ്വാധീനം ഉൾകൊള്ളുന്നവയാണ്. സമൂഹം, പ്രകൃതി എന്നിവയെ ആവിയന്ത്രത്തിന്റെ മാതൃകയിൽ ഭാവന ചെയ്യുന്ന ഈ ചിന്താവ്യവസ്ഥയിൽ ക്രമരാഹിത്യത്തെ (Entropy) ഉൾക്കൊള്ളാനാകുന്നില്ല. ഉല്പാദന പ്രക്രിയയിലെ നിയന്ത്രണപരത, പ്രവചനീയത, പ്രകൃതിക്കുമീതെയുള്ള അധീശത്വം എന്നിവ അലംഘ്യങ്ങളായി കരുതുന്നു. അധ്വാനമാണ് മൂല്യനിർണ്ണയത്തിന് ആധാരം എന്ന് മാർക്സിന്റെ മൂല്യസിദ്ധാന്തത്തോട് പെഡോലിൻസ്കി എന്ന ചിന്തകന്റെ എന്തുകൊണ്ടാണ് വസ്തുക്കൾ പ്രകൃത്യാ മൂല്യവത്തായിരിക്കുന്നത് എന്ന ചോദ്യത്തെ മാർക്സ് അവഗണിച്ചു.

*മൂന്നാമൻ:* മാർക്സിസത്തിന് ഒരു പച്ചവാൽ പിടിപ്പിക്കാൻ നോക്കുകയല്ല. മുതലാളിത്തോല്പാദനം ഉണ്ടാക്കുന്ന പ്രകൃതിനാശം മാർക്സ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മാർക്സിസം ഒരു ശാസ്ത്രമാണ്. ശാസ്ത്രത്തിന് തെറ്റുപറ്റില്ല. അത് തെറ്റ് സ്വയം തിരുത്തും. ഹിരോഷിമയിലും ഭോപ്പാലിലും.... മരിച്ചവരെ ഉയർത്തെഴുന്നേല്പിക്കും.

III

*ഒന്നാമൻ:* വികസന വിരുദ്ധരായ പാപികളേ, നിങ്ങൾ ആധുനികതയെയും തള്ളിപ്പറയുന്നോ? ജനാധിപത്യം ആധുനിക മുതലാളിത്ത രാജ്യങ്ങളുടെ സംഭാവനയല്ലേ? വ്യവസായവത്കരണമില്ലെങ്കിൽ മനുഷ്യരാശിയ്ക്ക് ഭാവിയുണ്ടോ? (ഏതുതരം വ്യവസായ വത്കരണം?) ശാസ്ത്രത്തെ ആർക്ക് നിഷേധിക്കാനാകും) (ആരുടെ ശാസ്ത്രം?) ഹരിതവിപ്ലവം വഴിയല്ലേ ഭക്ഷ്യക്കമ്മി പരിഹരിക്കാനും ഉല്പാദന വർധനവുണ്ടാക്കാനും കഴിഞ്ഞത്? (കൃഷിഭൂമി നശിപ്പിച്ചാലെന്താ പ്രശ്നം?).

*രണ്ടാമൻ:* രണ്ടാം ലോകയുദ്ധത്തിനൊടുവിൽ അമേരിക്കമേധാവിത്ത ശക്തിയായി. 1949 ജനുവരി 20ന് അമേരിക്കൻ പ്രസിഡന്റ് വികസനയുഗ പ്രഖ്യാപനം നടത്തി. ശാസ്ത്രനേട്ടങ്ങളും വ്യാവസായിക പുരോഗതിയുടെ ഫലങ്ങളും എല്ലാ അവികസിത രാജ്യങ്ങൾക്കും നുകരാൻ അവസരം ഉണ്ടാക്കണമെന്ന് വാദിച്ചു. 1942-ൽ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ സെക്രട്ടേറിയറ്റ് അംഗമായ വിൽഫ്രഡ് ബെൻസൺ അവികസിത മേഖലകൾ എന്ന പദപ്രയോഗം നടത്തി. തുടർന്ന് വികസനത്തിന്റെ അമീബ എത്ര പൊട്ടിപിളർന്നു! വംശീയവികസനം, അപരവികസനം, പങ്കാളിത്ത വികസനം, സുസ്ഥിര വികസനം, ജനകീയ വികസനം.....

1970-ൽ ലോകബാങ്ക് പ്രസിഡന്റായ മക്നമാരാ വികസനം ദാരിദ്ര്യത്തിനും മുരടിപ്പിനും പ്രാന്തവത്കരണത്തിനും തുടക്കം കുറിക്കുന്നുവെന്ന് ആത്മവിമർശനം ഉന്നയിച്ചു. 1970-ൽ ഒക്ടോബർ 24ന് അന്തർദേശീയ വികസനതന്ത്രം പ്രഖ്യാപിച്ചു. 1974-ലെ കോകോയാക് പ്രഖ്യാപനത്തിൽ വസ്തുക്കളുടെയല്ല മനുഷ്യന്റെ വികസനമാണ് ലക്ഷ്യം എന്ന് പ്രഖ്യാപിച്ചു. 1975- ഓടുകൂടി മറ്റൊരു വികസനം, മനുഷ്യകേന്ദ്രിത വികസനം എന്നീ പരികല്പനകൾ ഉണ്ടായി. യുനെസ്കോ ഉദ്ഗ്രഥിത വികസനത്തെക്കുറിച്ചുള്ള അന്വേഷണങ്ങളിൽ മുഴുകി. 1975-ൽ യു.എൻ.ജനറൽ അസംബ്ലിയുടെ ഏഴാമത്തെ പ്രത്യേക വിഭാഗം കൂടുതൽ ഫലപ്രദമായ സാർവദേശീയ വികസനതന്ത്രം ആവിഷ്കരിക്കാൻ തീരുമാനിച്ചു . 1973-ൽ ചെറുകിട കർഷകരേയും ഗ്രാമീണ ദരിദ്രരേയും വികസനപാതയിലേക്ക് കൊണ്ടുവരാനുള്ള പദ്ധതികൾ തയ്യാറാക്കി. യുനെസ്കോ തദ്ദേശീയ വികസനത്തെ പ്രോത്സാഹിപ്പിച്ചു.

1980-കളിൽ വികസനത്തിന് കലികാലം തുടങ്ങി. ഏഷ്യൻ കടുവകൾ തകർന്നു. വികസനാനന്തര കാലഘട്ടത്തിന് തുടക്കം കുറിച്ചു. വികസന പരിഷ്കാരമല്ല വികസന തിരസ്കാരമാണ് വേണ്ടതെന്ന് ലാറ്റിൻ അമേരിക്കൻ നാടുകളിൽനിന്ന് വിമർശനങ്ങളുണ്ടായി. 1990-കളിൽ പുനർവികസനം എന്ന പുതിയ പരികല്പനയും പ്രക്രിയകളും ഉണ്ടായി. ഇപ്പോൾ പുനർവികസനം സുസ്ഥിര വികസനമായി. പഴയ വീഞ്ഞ് പുതു പുതു കുപ്പികളിലേക്ക്....

## ഇന്ത്യയും വികസനവും

*ഒന്നാമൻ:* ഇന്ത്യൻ ദേശീയതയുടെ പിറവി വികസന ദേശീയതയിലാണ്. നമ്മുടെ ഭരണഘടന ബ്രട്ടീഷ് ഭരണഘടനയുടെ മാതൃകയിലാണ്. ആധുനിക യൂറോപ്പിലെ ദേശരാഷ്ട്ര മാതൃകയേയും മതേതരത്വത്തേയും ശാസ്ത്ര - സാങ്കേതിക വിദ്യയേയും നാം പകർത്തിവെച്ചു. ബഹുദേശീയ - ബഹുമത - ബഹു സാംസ്കാരിക നാനാത്വങ്ങളെ നാം വികസന ഏകത്വത്തിലൂടെ ഒന്നിപ്പിച്ചു. കേന്ദ്രീകൃത സ്റ്റേറ്റ്, കേന്ദ്രീകൃത ആസൂത്രണം, നഗരവത്ക്കരണം, വൻകിട വ്യവസായശാലകൾ, വൻകിട അണക്കെട്ടുകൾ.

*രണ്ടാമൻ:* നെഹ്റുവും ഇടതുപക്ഷവും അംബേദ്കറും ഹിന്ദു മഹാസഭയും ഇസ്ലാമിലെ മോഡേണിസ്റ്റുകളും അധിനിവേശാധുനികതയുടെ കളിക്കളത്തിലെ എതിർക്കളിക്കാരും സഹകളിക്കാരുമായി. യൂറോപ്പിന്റെ തിരക്കഥയിലെ സഹനടന്മാരായി.

ഗാന്ധിയും ലോഹ്യയും കളിക്കളത്തിനു പുറത്തുകടന്ന് ആധുനികവത്കരണം കോളനിവത്കരണമാണെന്ന് തിരി

ച്ചറിഞ്ഞു. കേന്ദ്രീകൃത സ്റ്റേറ്റിന്റെ യൂണിറ്ററി ഘടന ബഹുദേശീയ സമൂഹങ്ങൾക്ക് തടവറയായി. മതേതരത്വത്തിന്റെ യുണിറ്ററി ഘടന പരമ്പരാഗത വിശ്വാസങ്ങളുടെ സ്വയംനവീകരണസാധ്യതയെ സ്റ്റീംറോളർ യുക്തികൊണ്ട് അടിച്ചുപരത്തി. പഞ്ചവത്സര പദ്ധതികൾ തൊഴിലില്ലായ്മയും ദാരിദ്ര്യവും ജനങ്ങളുടെ വിഭവാധികാരമില്ലായ്മയും പരിഹരിച്ചില്ല. ഗ്രാമീണർ പ്രാന്തവത്കരിക്കപ്പെട്ടു. ദളിതർ വ്യവസായവത്കൃത നഗരങ്ങളിലെ അടിക്കാട്ടങ്ങളായും ക്ലാസ് -IV അടിയാന്മാരും ലക്ഷംവീട്ടുകാരും നിർഗുണഭോക്താക്കളുമായി. സംസ്കാരത്തനിമ നിലനിർത്തി ആദിവാസികളെ മുഖ്യധാരയിലേക്ക് സംസ്കരിച്ചെടുക്കാനുള്ള വെരിയർ - എൻഫിൻ - നെഹ്റുവിയൻ പദ്ധതി ആദിവാസികളെ ഭൂമിയിൽനിന്നും വിഭവാധികാരത്തിൽനിന്നും അന്യവത്ക്കരിച്ചു. ആശ്രിത അടിമകളാക്കി. വൻകിട അണക്കെട്ടുകളുടേയും വികസന പദ്ധതികളുടേയും ഭരണനയമായ ആധുനിക ശാസ്ത്രത്തിന്റേയും ദേവതയുടെ പേരിൽ ആരെയും ബലികൊടുക്കാനുള്ള പൊതുസമ്മതം ഉല്പാദിപ്പിക്കപ്പെട്ടു. ജനങ്ങൾ വികസന പ്രക്രിയയിലെ വിഭവങ്ങളും ഗുണഭോക്താക്കളും ഉപഭോക്താക്കളും വസ്തുക്കളുമായി. ചരിത്രസൃഷ്ടാക്കളായില്ല.

എന്തായിരുന്നു ഗാന്ധിയൻ ബദലുകൾ? കേന്ദ്രീകൃത സ്റ്റേറ്റിനു പകരം ഗ്രാമീണ റിപ്പബ്ലിക്കുകളുടെ സ്വയംഭരണ കൂട്ടായ്മ, വൻകിട ശാസ്ത്രത്തിനു പകരം പരമ്പരാഗത നാട്ടറിവുകളുടേയും ജനകീയ സിദ്ധികളുടെയും വൈവിധ്യം. 'ചരിത്ര'ത്തിനുപകരം ജനകീയ കാര്യബോധത്തിന്റെ ആഖ്യാനങ്ങൾ, യൂറോ കേന്ദ്രിത മതേതരത്വത്തിനു പകരം സംവാദമാകലും അപരവിശ്വാസങ്ങളെ മാനിക്കുന്നതുമായ ബഹുമത സംസ്കാരം.

*മൂന്നാമൻ:* ഗാന്ധി ശരിയല്ല. മാർക്സേ ശരിയുള്ളൂ. ഫ്യൂഡൽ വിരുദ്ധ സമരങ്ങളിലൂടെ കാർഷിക പരിഷ്ക്കരണത്തിനു തുടക്കം കുറിച്ചതാരാ? കമ്മ്യൂണിസ്റ്റുകാർ, യൂറോപ്യൻ അധിനിവേശം സാംസ്കാരികമല്ല, വർഗ്ഗാധിപത്യമാണ്. മൂലധനത്തിന്റെ ആധിപത്യമാണ്. മുതലാളിത്തത്തിന്റെ വർഗ്ഗവിശകലനമാണ് നടത്തേണ്ടത്.

1944-ൽ ഇന്ത്യയിലെ വൻകിട വ്യാപാരികൾ തയ്യാറാക്കിയ ബോംബെ പ്ലാൻ ഭരണകൂടം നേരിട്ട് നിയന്ത്രണം ഏറ്റെടുക്കണമെന്ന കെയ്നീഷ്യൻ സിദ്ധാന്തമാണ്. 1948-ൽ ഇന്ത്യൻ സമ്പദ്ഘടനയെക്കുറിച്ച് സർവേ നടത്താൻ ഒരു സംഘത്തെ അയച്ചുതരണേ എന്ന് സർക്കാർ ലോകബാങ്കിനോട് യാചിച്ചു. നെഹ്റുവിയൻ പൊതുമേഖല സോഷ്യലിസ്റ്റ് പരീക്ഷണമല്ല. ഖനി, ഇരുമ്പുരുക്കു വ്യവസായം തുടങ്ങി സ്വകാര്യ മൂലധനം ഇറക്കാൻ സാധ്യതയില്ലാത്ത മേഖലകളെ പൊതുമേഖലയാക്കി.

സോവിയറ്റ് യൂണിയനിലെ കേന്ദ്രീകൃതാസൂത്രണ പ്രക്രിയയാണ് പഞ്ചവത്സര പദ്ധതികൾക്ക് പ്രചോദനം. നെഹ്റു-മഹാലനോബിസ് വികസനമാതൃക 1958-ൽ സർക്കാർ വാഷിംഗ്ടണിലേക്ക് ഒരു ഔദ്യോഗിക സംഘത്തെ അയച്ച് ലോകബാങ്കിന് എയ്ഡ് ഇന്ത്യാ കൺസോർഷ്യം ഉണ്ടാക്കി നിടയാക്കി. 1960-ൽ 380-ഓളം വിദേശ സംരംഭങ്ങൾ മൻമോഹൻസിംഗ് നെഹ്റുവിയൻ വികസന പാതയിൽനിന്ന് വ്യതിചലിച്ചു. നെഹ്റുവിയൻ വികസനപാതയെ നാം തിരസ്ക്കരിക്കരുത്, പരിഷ്ക്കരിക്കണം.

(കേരളത്തിലെ വികസന വ്യവഹാരങ്ങൾ : തുടരും)

*കാരാട്ടിൽ വീട്, ശിവൻകുന്ന്, മണ്ണാർകാട് പി.ഒ.-678 582*


**വാർത്തകൾക്കുള്ളിലെ സത്യാന്വേഷണം**



കൃഷി, പരിസ്ഥിതി, ദളിത്, സ്ത്രീനീതി, മനുഷ്യാവകാശം, ഉപഭോക്തൃസംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം

**വാർത്തകൾ, കുറിപ്പുകൾ, വിശകലനം**

**കേരളീയം**

**വരിസംഖ്യാനിരക്ക്**

**തപാലിൽ ലഭിക്കാൻ**

12 ലക്കങ്ങൾ
സ്ഥാപനങ്ങൾക്ക് 350 രൂപ
വ്യക്തികൾക്ക് 180 രൂപ

ആജീവാനാന്ത (10 വർഷം) വരിസംഖ്യ 2000 രൂപ

ട്രസ്റ്റ് അംഗത്വം 7000 രൂപ

**M.O./D.D./P.O. അയയ്ക്കുക**

മാനേജർ,
കേരളീയം
കൊക്കാലെ, തൃശൂർ - 21
0487-2421385/9447674375
E-mail: keraleeyamtcr@rediffmail.com

പാരിസ്ഥിതിക വിവേകത്തിനായി ഒരു മുഖക്കണ്ണാടി